കൊണ്ടുവന്നതാണ്. ഈ 3 വാട്ടർ സപ്ലൈ സ്കീമും അടിയന്തിരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 20 എൽ.പി.സി.ഡി.യിൽ താഴെയുള്ള പദ്ധതികൾക്ക് വെള്ളം നൽകുന്നതിനുവേണ്ടിയുള്ള എൽ.സി.പി.ഡി.യിൽ ഉൾപ്പെടുത്തി വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടൂർ ശുദ്ധജല വിതരണ പദ്ധതിക്ക് 41.82 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. വണ്ടൂർ യത്തീംഖാന കോമ്പൗണ്ടിൽ മൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു സംഭരണി പണിയാനും 75 എം.എം., 63 എം.എം. എന്നീ പൈപ്പുകൾ 5 കിലോമീറ്റർ വീതം ഒന്നും, രണ്ടും വാർഡുകളിലേയ്ക്ക് നീട്ടുവാനും രണ്ട് പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കുവാനും നിലവിലുള്ള 125 എം.എം.എ.സി. പമ്പിംഗ് മെയിൻ മാറ്റി 200 എം.എം.സി.ഐ. ആക്കുവാനുമുള്ള പ്രൊപ്പോസലിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. യത്തീംഖാന കോമ്പൗണ്ടിൽ ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഫണ്ടും സാധന സാമഗ്രികളും ലഭ്യമാക്കി പണികൾ നടത്തുന്നതാണ്. എടവണ്ണ ഗ്രാമപഞ്ചായത്ത് വാർഡ് 6, മുണ്ടേങ്ങര ഭാഗത്ത് ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് ഷോർട്ട് ടേം സ്കീമിൽപ്പെടുത്തി 9.5 ലക്ഷം രൂപയുടെ വർക്ക് 7.5.1996-ൽ ടെണ്ടർ ചെയ്തു. ഉയർന്ന റേറ്റ് ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്ത് 6/96-ലെ പുതുക്കിയ നിരക്കിൽ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ 55 ലക്ഷത്തിൽ കുറവുള്ള വർക്കുകൾ പഞ്ചായത്ത് തന്നെ നേരിട്ട് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് 19.3.1998-ൽ ഇറങ്ങിയതിനെതുടർന്ന് ഈ പദ്ധതി പഞ്ചായത്ത് തന്നെ നടപ്പാക്കേണ്ടിയിരിക്കുകയാണ്. വണ്ടൂർ നിയോജക മണ്ഡലത്തിലെ വണ്ടൂർ, വിളയൂർ, ചീക്കോട്, തിരുവാലി, എടവണ്ണ, പെരകമണ്ണ, മമ്പാട്, കാരക്കുന്ന്, പുള്ളിപ്പാടം, ഏലംകുളം, തൃക്കലങ്ങോട്, പോരൂർ, ചെമ്പ്രശ്ശേരി, വെട്ടാട്ടിരി എന്നീ വില്ലേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് ചാലിയാർ പുഴ സ്രോതസ്സാക്കി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൊണ്ട് 3,71,620 പേർക്ക് പ്രയോജനം ലഭിക്കും. കേന്ദ്ര ഗവൺമെന്റിന്റെ എ.ആർ.പി. പ്രകാരമുള്ള ധനസഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. നെതർലാന്റ് ഗവൺമെന്റും എസ്.ഇ.യു. ഫൗണ്ടേഷനും സംയുക്തമായി ഒരു ശുദ്ധജല വിതരണ പദ്ധതി മലപ്പുറം ജില്ലയിൽ നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നുവെങ്കിലും വാട്ടർ അതോറിറ്റിക്ക് ഇതിനായി ഇതുവരെ സഹായമൊന്നും ലഭിച്ചിട്ടില്ല.

(13) കേരള തണ്ടാർ മഹാസഭ നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ്ണ

ശ്രീ. എം. മുരളി : സർ, മരം കയറ്റം, തെങ്ങുകയറ്റം എന്നിവ കുലത്തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഏതാണ്ട് 10 ലക്ഷത്തോളം വരുന്ന തണ്ടാർ സമുദായത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമുദായിക സംഘടനയായ കേരള തണ്ടാർ മഹാസഭ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തുകയാണ്. ആ സമുദായം മുന്നോട്ടു വച്ചിരിക്കുന്നത് അവരുടെ കുലത്തൊഴിലായ മരം കയറ്റ തൊഴിലിൽ ഏർപ്പെടുന്ന ജനവിഭാഗങ്ങളുടെ സുപ്രധാനമായ മൂന്നു ആവശ്യങ്ങളാണ്. കഴിഞ്ഞ ദിവസം ഇത് സഭയിലും വന്നതാണ്. അങ്ങ് ഭാഗികമായി മറുപടി പറഞ്ഞതാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യം മരം കയറ്റം നടത്തുന്ന തൊഴിലാളിക്ക് അപകടമുണ്ടായാലോ, അപകട മരണമുണ്ടായാലോ 10,000 രൂപ മാത്രമാണ് ഇപ്പോൾ നൽകുന്നത്. അത് 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഒന്നാമത്തെ ആവശ്യം. കടലിൽപോയി

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുക്കുന്ന മൽസ്യത്തൊഴിലാളികളെപ്പോലെ തന്നെ മരം കയറ്റ തൊഴിലാളിക്ക് അപകടമുണ്ടായാൽ അതിന്റെ റിസ്ക് പരിഗണിച്ചുകൊണ്ട് ഒരു ലക്ഷം രൂപയെങ്കിലും ധനസഹായം നൽകണമെന്ന ആവശ്യം ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. ഈ സാമ്പത്തിക വർഷം അതായത് ഏപ്രിൽ 1 നു ശേഷം മരം കയറ്റത്തിൽ ഏർപ്പെട്ടു അപകടമുണ്ടായ 107 തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് മരിച്ചു. 500-ലധികം ആളുകൾ പരിക്കേറ്റ് കിടക്കുകയാണ്. അതുകൊണ്ട് അപകട ധനസഹായം വർദ്ധിപ്പിച്ചേ മതിയാകൂ. രണ്ടാമത്തെ കാര്യം ഇവർക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. ഞാൻ ഒരു ബില്ലു തന്നെ ഈ നിയമസഭയിൽ കൊണ്ടുവന്നതാണ്. ക്ഷേമനിധി കൊണ്ടുവരുമ്പോൾ 55 വയസ്സു കഴിഞ്ഞ് പ്രായമുള്ള എല്ലാ തൊഴിലാളികൾക്കും, അപകടമുണ്ടായി പണിയെടുക്കാൻ കഴിയാതെ വരുന്ന തൊഴിലാളികൾക്കും പെൻഷൻ നൽകാനുള്ള വ്യവസ്ഥ കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം. അപകടമുണ്ടാകുന്ന തൊഴിലാളികളെ സഹായിക്കാൻ നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരം കയറ്റ തൊഴിലാളികൾക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് മുൻകൈയെടുത്താൽ അത് വലിയ ആശ്വാസമായിരിക്കും. ഈ മൂന്നു കാര്യങ്ങളും പരിഗണിച്ച് അടിയന്തിര നടപടി സ്വീകരിക്കണം. അതിനു വേണ്ടിയാണ് കേരള തണ്ടാർ മഹാസഭ ഇന്ന് സെക്രട്ടറിയറ്റ് മാർച്ചും ധർണ്ണയും നടത്തുന്നത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, നേരത്തെ ഈ തൊഴിലാളികളെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ ഈ നിയമ സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. അവർക്ക് നൽകി വരുന്ന അപകട മരണത്തിനുള്ള തുക പതിനായിരമെന്നുള്ളത് വളരെ കുറവാണ്. ആ തുക വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന നിലയിൽ തീർച്ചയായും അത് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോഴത്തെ പെൻഷൻ പ്രായം അറുപത് എന്നുള്ളത് അൻപത്തിയഞ്ചാക്കാൻ കഴിയുമോ എന്നുള്ളത് സജീവമായി പരിശോധിച്ചു വരികയാണ്. അത് സജീവമായ പരിഗണനയിലുണ്ട്. തെങ്ങുകയറ്റ തൊഴിലാളികൾക്കും കവുങ്ങ് കയറ്റ തൊഴിലാളികൾക്കും കൂടി ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കരടു ബിൽ തയ്യാറാക്കാൻ ലേബർ കമ്മീഷണറോടു പറഞ്ഞിട്ടുണ്ട്. പറയുക മാത്രമല്ല വളരെ വേഗം തന്നെ നടപടി എടുക്കാനും കഴിയും. കാരണം വളരെ കൂടുതൽ കഷ്ടത അനുഭവിക്കുന്ന ഒരു വിഭാഗമാണ് തെങ്ങുകയറ്റ തൊഴിലാളികളും കവുങ്ങു കയറ്റ തൊഴിലാളികളും. അവരുടെ ജീവിതം കഷ്ടതയുള്ളതായതുകൊണ്ട് അവരുടെ മിനിമം വേജസ് പുതുക്കുന്നതും പരമാവധി ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതും സംബന്ധിച്ചു ഈ ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. ഇൻഷ്വറൻസിനെ സംബന്ധിച്ചു ഇവിടെ പറഞ്ഞു. ഈ നിയമ സഭയിൽ ധനാഭ്യർത്ഥനയുടെ ചർച്ചാ വേളയിൽ ലേബർ അജണ്ട എന്നൊരു നിർദ്ദേശം ഞാൻ വയ്ക്കുകയുണ്ടായി. എല്ലാ വിഭാഗം തൊഴിലാളികൾക്കും ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനെ പറ്റിയാണ് അതിൽ പറഞ്ഞിട്ടുള്ളത്. അതനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

(14) കൈത്തറി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം.

ശ്രീ. പാലോട് രവി : സർ, കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഒരു പൊതു മേഖലാസ്ഥാപനമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly